**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 520** **17-09-2025 - ൽ മറുപടിയ്ക്ക്**

**പ്രീ ബജറ്റ് കൺസൾട്ടേഷൻ - ധനസഹായത്തിനുള്ള ആവശ്യം സംബന്ധിച്ച്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ** | | **ശ്രീ കെ എൻ ബാലഗോപാൽ (ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | 2024-ൽ കേന്ദ്ര ധനകാര്യ വകുപ്പ് മന്ത്രിയുമായുള്ള പ്രീ-ബജറ്റ് കൺസൾട്ടേഷനിൽ കേരളത്തിന്റെ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതിനായി കേരള സർക്കാർ ₹24,000 കോടി രൂപ ധനസഹായം ആവശ്യപ്പെട്ടിരുന്നോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | സംസ്ഥാനത്തിന്റെ ധനപരമായ ആവശ്യങ്ങളോട് അനുകൂലമായ നിലപാടല്ല കേന്ദ്ര സർക്കാർ സ്വീകരിച്ചുവരുന്നത്. കേന്ദ്രസർക്കാർ സ്വീകരിച്ചുപോരുന്ന സാമ്പത്തിക നയങ്ങളും സമീപനങ്ങളും സംസ്ഥാനത്തോടുള്ള സമീപനങ്ങളും തിരുത്തണമെന്ന് അഭ്യർത്ഥിച്ച് സംസ്ഥാന മുഖ്യമന്ത്രിയും ധനകാര്യ വകുപ്പ് മന്ത്രിയും നിരവധി കത്തുകളും നിവേദനങ്ങളും പ്രധാനമന്ത്രിക്കും കേന്ദ്ര ധനകാര്യ വകുപ്പ് മന്ത്രിക്കും സമർപ്പിച്ചിരുന്നു. എന്നാൽ അവയൊന്നും തന്നെ പരിഗണിക്കുവാൻ കേന്ദ്ര സർക്കാർ തയ്യാറായിട്ടില്ല.<br><br>സംസ്ഥാനം അഭിമുഖീകരിക്കുന്ന സാമ്പത്തിക ഞെരുക്കത്തിന്റെ പശ്ചാത്തലത്തിൽ കേന്ദ്ര ബജറ്റിൽ കേരളത്തിന് പ്രത്യേക സാമ്പത്തിക പാക്കേജ് ഇനത്തിൽ 24000 കോടി രൂപ അനുവദിക്കണമെന്നത് ഉൾപ്പെടെയുള്ള വിവിധ ആവശ്യങ്ങൾ കേന്ദ്ര ധനകാര്യ മന്ത്രിയുമായി നടന്ന കേന്ദ്ര ബജറ്റിന് മുന്നോടിയായിട്ടുള്ള (Pre- Budget Speech) യോഗത്തിൽ സംസ്ഥാന ധനകാര്യ മന്ത്രി ആവശ്യപ്പെട്ടിരുന്നു. എന്നാൽ 2025-26 സാമ്പത്തിക വർഷത്തെ ബജറ്റിലും കേരളത്തിന്റെ ആവശ്യങ്ങളൊന്നും പരിഗണിച്ചിട്ടില്ല. |
| (ബി) | പ്രസ്തുത തുക അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് എത്ര തവണ കത്തിടപാടുകൾ നടത്തിയിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) | സംസ്ഥാനത്തിന്റെ ധനപരമായ ആവശ്യങ്ങളോട് അനുകൂലമായ നിലപാടല്ല കേന്ദ്ര സർക്കാർ സ്വീകരിച്ചുവരുന്നത്. കേന്ദ്രസർക്കാർ സ്വീകരിച്ചുപോരുന്ന സാമ്പത്തിക നയങ്ങളും സമീപനങ്ങളും സംസ്ഥാനത്തോടുള്ള സമീപനങ്ങളും തിരുത്തണമെന്ന് അഭ്യർത്ഥിച്ച് സംസ്ഥാന മുഖ്യമന്ത്രിയും ധനകാര്യ വകുപ്പ് മന്ത്രിയും നിരവധി കത്തുകളും നിവേദനങ്ങളും പ്രധാനമന്ത്രിക്കും കേന്ദ്ര ധനകാര്യ വകുപ്പ് മന്ത്രിക്കും സമർപ്പിച്ചിരുന്നു. എന്നാൽ |

| | | | |
|---|---|---|---|
| | | | അവയൊന്നും തന്നെ പരിഗണിക്കുവാൻ കേന്ദ്ര സർക്കാർ തയ്യാറായിട്ടില്ല.<br><br>സംസ്ഥാനം അഭിമുഖീകരിക്കുന്ന സാമ്പത്തിക ഞെരുക്കത്തിന്റെ പശ്ചാത്തലത്തിൽ കേന്ദ്ര ബജറ്റിൽ കേരളത്തിന് പ്രത്യേക സാമ്പത്തിക പാക്കേജ് ഇനത്തിൽ 24000 കോടി രൂപ അനുവദിക്കണമെന്നത് ഉൾപ്പെടെയുള്ള വിവിധ ആവശ്യങ്ങൾ കേന്ദ്ര ധനകാര്യ മന്ത്രിയുമായി നടന്ന കേന്ദ്ര ബജറ്റിന് മുന്നോടിയായിട്ടുള്ള (Pre- Budget Speech) യോഗത്തിൽ സംസ്ഥാന ധനകാര്യ മന്ത്രി ആവശ്യപ്പെട്ടിരുന്നു. എന്നാൽ 2025-26 സാമ്പത്തിക വർഷത്തെ ബജറ്റിലും കേരളത്തിന്റെ ആവശ്യങ്ങളൊന്നും പരിഗണിച്ചിട്ടില്ല. |
| (സി) | സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതിനായി പ്രീ-ബജറ്റ് കൺസൾട്ടേഷനിൽ ₹ 24,000 കോടി രൂപ ധനസഹായം ആവശ്യപ്പെട്ടതു സംബന്ധിച്ച് അവസാനം നടന്ന പാർലമെന്റ് സമ്മേളനത്തിൽ എം.പി. മാർ ഉന്നയിച്ച ചോദ്യങ്ങൾക്ക് മറുപടി നൽകുന്നതിനായി കേന്ദ്രസർക്കാർ സംസ്ഥാന സർക്കാരിൽ നിന്നും വിവരം തേടിയിരുന്നോ; എങ്കിൽ എന്ത് മറുപടിയാണ് സംസ്ഥാന സർക്കാർ നൽകിയത്; വിശദവിവരങ്ങൾ ലഭ്യമാക്കുമോ; | (സി) | ധനകാര്യ മന്ത്രാലയത്തിൽ നിന്നുള്ള 31.07.2025 ലെ F.No.42(5)PF-S/2025-26 കത്തിൽ ഉള്ളടക്കം ചെയ്തിട്ടുള്ള ലോക് സഭ ചോദ്യം നം. 11358 പ്രകാരം കേരളത്തിനുള്ള പ്രത്യേക സാമ്പത്തിക സഹായം സംബന്ധിച്ച് വിവരങ്ങൾ ആരാഞ്ഞിരുന്നു. ആയതിന് 08.09.2025 ലെ 18/PSA/2025/FIN നമ്പർ കത്ത് പ്രകാരം സർക്കാർ മറുപടി നൽകിയിരുന്നു. |
| (ഡി) | പ്രീ ബജറ്റ് കൺസൾട്ടേഷന്റെ തുടർ നീക്കം എന്ന നിലയിൽ കേന്ദ്ര ഗവൺമെന്റ് പ്രസ്തുത വിഷയത്തിന്മേൽ ശിപാർശ സമർപ്പിക്കുവാൻ ആവശ്യപ്പെട്ടിരുന്നോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ഡി) | ഇതുമായി ബന്ധപ്പെട്ട് പിന്നീട് കത്തിടപാടുകൾ നടത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ